**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4617** **10-08-2021 - ൽ മറുപടിയ്ക്ക്**

**സി.എൻ.ജി, എൽ.എൻ.ജി വിതരണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അന്തരീക്ഷ മലിനീകരണവും ഇന്ധനച്ചെലവും കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്ത് സി.എൻ.ജി., എൽ.എൻ.ജി. വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (എ) | ആരംഭിച്ചിട്ടില്ല. എൽ.എൻ.ജി., സി.എൻ.ജി. ഫ്യൂൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം ആനയറയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എൽ.എൻ.ജി. സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ആലുവയിലെ റീജിയണൽ വർക്ക്ഷോപ്പിൽ എൽ.എൻ.ജി. ഫ്യൂൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജി.യുമായി കെ.എസ്.ആർ.ടി.സി. ചർച്ച നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. ആലുവ റീജിയണൽ വർക്ക്ഷോപ്പിൽ സി.എൻ.ജി. ഫ്യൂൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്ന് വരുന്നു. നിലവിൽ സർവ്വീസ് നടത്തുന്ന ഒരു സി.എൻ.ജി. ബസിന്റെ ഇന്ധനം എറണാകുളത്തുള്ള സ്വകാര്യ പമ്പിൽ നിന്നും നിറച്ച് സർവ്വീസ് നടത്തുന്നുണ്ട്. എൽ.എൻ.ജി. ഇന്ധനത്തിൽ ഓടുന്ന രണ്ട് ബസുകൾക്ക് മൂന്ന് മാസത്തേയ്ക്കുള്ള ഇന്ധനം കൊച്ചിയിലുള്ള പെട്രോനെറ്റ് എൽ.എൻ.ജി. എന്ന സ്ഥാപനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ